# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4742.

26-06-2019 ൽ മറുപടിയ്ക്ക്

## ആത്മയിലെ ജീവനക്കാർക്ക് ശമ്പളം

**ചോദ്യം**

ശ്രീ.കെ.എൻ.എ ഖാദർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന കൃഷിവകുപ്പിലെ വിജ്ഞാനവ്യാപന വിഭാഗമായ ആത്മയിലെ ജീവനക്കാർക്ക് കേന്ദ്രം പ്രഖ്യാപിച്ച പുതുക്കിയ ശമ്പളം വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ആത്മയിലെ താല്ക്കാലിക ജീവനക്കാരായ അസിസ്റ്റന്റ് ടെക്നോളജി മാനേജർ(ATM), ബ്ളോക്ക് ടെക്നോളജി മാനേജർ (BTM) എന്നീ വിഭാഗം ജീവനക്കാർക്കാണ് കേന്ദ്ര സർക്കാർ ശമ്പളം വർദ്ധിപ്പിച്ചത്. വർദ്ധിപ്പിച്ച ശമ്പളം സംസ്ഥാനത്ത് അനുവദിക്കുന്നതിനായി ആത്മയുടെ Inter Departmental working Group (IDWG) യോഗത്തിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള വർദ്ധനവിനുള്ള പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കാൻ കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാക്കി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | നിലവിൽ പ്രസ്തുത ജീവനക്കാർക്കുള്ള ശമ്പളവിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ; | (ബി) & (സി) | 2018-19 ലെ ആത്മ പദ്ധതിയുടെ രണ്ടാം ഗഡുവായ കേന്ദ്ര സർക്കാർ വിഹിതം 90.9 ലക്ഷം രൂപ 25/02/2019 നും മൂന്നാംഗഡു കേന്ദ്ര സർക്കാർ വിഹിതം 181.80 ലക്ഷം രൂപ 07/03/2019 നുമാണ് കേന്ദ്ര സർക്കാർ അനുവദിച്ചത്. മേൽ പറഞ്ഞ തുകകളുടെ ആനുപാതികമായ സംസ്ഥാന സർക്കാർ വിഹിതം 60.6 ലക്ഷം, 121.2 ലക്ഷം എന്നിവ 28/03/2019-ൽ സംസ്ഥാന സർക്കാർ അനുവദി ക്കുകയും ചെയ്തു. സാമ്പത്തിക വർഷം അവസാനമായതിനാൽ ട്രഷറികളിൽ തുക മാറി നൽകുന്നതിന് നിയന്ത്രണം ഉണ്ടായിരുന്നതിനാൽ മെയ് ആദ്യ വാരത്തോടെ തുക മാറി ജില്ലകളിൽ നൽകുകയും ശമ്പളക്കുടിശ്ശിക പ്രശ്നം പരിഹരിക്കുകയുമുണ്ടായി.<br>നിലവിൽ ആത്മ ജീവനക്കാർക്ക് മെയ് 2019 ലെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്. 2019-20 ലെ ആത്മയുടെ ആദ്യ ഗഡു ഫണ്ട് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നതോടെ ഇതു പരിഹരിക്കപ്പെട്ടു ന്നതാണ്. |
| (സി) | ശമ്പളവിതരണത്തിനായി കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ